പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.387 28.10.2019 ൽ മറുപടിയ്ക്ക്

സപ്ലൈകോയുടെ നെല്ല് സംഭരണം

ചോദ്യം
ശ്രീ.കെ.എൻ.എ.ഖാദർ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയുടെ നെല്ല് സംഭരണത്തിനായി സർക്കാർ മില്ലുടമകളുമായി കരാറിലേർപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ; | (എ) | ഉണ്ട്. |
| (ബി) | കഴിഞ്ഞ തവണ എത്ര മില്ലുകളുമായാണ് കരാറിലേർപ്പെട്ടതെന്നും ഏത് നിരക്കിലാണ് കരാർ ഉറപ്പിച്ചതെന്നും വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞതവണ 50 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിരുന്നു. 214 രൂപ /കിന്റൽ നെല്ല് നിരക്കിലാണ് മില്ലുകാരുമായി കരാർ ഉറപ്പിച്ചിരുന്നത്. |
| (സി) | പല ജില്ലകളിലും ഒന്നാം വിള കൊയ്ത്തു തുടങ്ങിയ സാഹചര്യത്തിലും മഴയുള്ളതിനാലും നെല്ല് സംഭരണം വൈകിയാൽ കർഷകർ പ്രതിസന്ധിയിലാകും എന്നത് കണക്കിലെടുത്ത് സപ്ലൈകോയുടെ നെല്ല് സംഭരണ നടപടികൾ വേഗത്തിലാക്കുമോ; എങ്കിൽ വിശദമാക്കാമോ? | (സി) | നെല്ല് സംഭരണം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊയ്ത്ത് തുടങ്ങിയ എല്ലാ ജില്ലകളിലും നെല്ല് സംഭരണം ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. ഇതിനായി നാളിതുവരെ 44 മില്ലുകളുമായി സപ്ലൈകോ, ഈ സീസണിൽ, കരാർ ഒപ്പുവെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ